ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04-07-2026**

## പ്രധാനവാർത്തകൾ

1) പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുണ്ടായ ഊർജ്ജ പ്രതിസന്ധി നേരിടാൻ ലോക രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സൗഹൃദം നിർണായക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2) പാർലമെൻറിൻ്റെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിക്കും. സംസ്ഥാനത്തെ ലോക്സഭ, രാജ്യസഭ അംഗങ്ങളുടെ യോഗം ഈ മാസം 9 ന് തിരുവനന്തപുരത്ത്.

3) വ്യാപകമായ പൈറസി റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ ടെലിഗ്രാമിന് നോട്ടീസ് അയച്ച് കേന്ദ്ര സർക്കാർ.

4) സഹകരണ മേഖല ശക്തിപ്പെടുത്തി പുതുയുഗ കേരളം സാധ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി എം ലിജു.

5) സംസ്ഥാനത്ത് വ്യാപക മഴ. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത; കേരളം , കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യബന്ധനത്തിന് വിലക്ക്.

6) ഫിഫ ലോകകപ്പ് ഫുട്ബോൾ ആദ്യ പ്രീ ക്വാർട്ടറിൽ കാനഡ ഇന്ന് മൊറോക്കോയെ നേരിടും.

*****************

RNU TVPM

## പ്രധാനമന്ത്രി

ഫലപ്രദമായ നയതന്ത്ര മാർഗ്ഗങ്ങളിലൂടെയും വിഭവങ്ങൾ വിവേക പൂർവ്വം കൈകാര്യം ചെയ്യുതിലൂടെയും പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുണ്ടായ ഊർജ്ജ പ്രതിസന്ധി മറികടക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ലോക രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സൗഹൃദം, വെല്ലുവിളി തരണം ചെയ്യാൻ നിർണായക പങ്ക് വഹിച്ചതായി അദ്ദേഹം പറഞ്ഞു. രാജസ്ഥാനിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. തുടർന്ന് ഗുജറാത്തിലെത്തിയ പ്രധാനമന്ത്രി സാനന്ദിലെ സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ് ഫെസിലിറ്റിയും ഉദ്ഘാടനം ചെയ്തു.

*****************

## പാർലമെൻറിൻറെ വർഷകാല സമ്മേളനം

പാർലമെൻറിൻറെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിക്കും. ഓഗസ്റ്റ് 13 വരെയാണ് സമ്മേളനം. ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിലെ സംവാദങ്ങൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും, സമ്മേളനം മുൻഗണന നൽകുമെന്ന് കേന്ദ്ര പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു.

*****************

## ലോക്സഭ, രാജ്യസഭ അംഗ സമ്മേളനം

പാർലമെന്റിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി, സംസ്ഥാനത്തെ ലോക്സഭ, രാജ്യസഭ അംഗങ്ങൾ ഈ മാസം 9 ന് തിരുവനന്തപുരത്ത് യോഗം ചേരും. സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ ഉൾപ്പെടെ പാർലമെന്റിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യും.

*****************

## ടെലിഗ്രാമിന് നോട്ടീസ്

വ്യാപകമായ പൈറസി റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ സമൂഹമാധ്യമ പ്ലാറ്റ്ഫോമായ ടെലിഗ്രാമിന് നോട്ടീസ് അയച്ച് കേന്ദ്ര സർക്കാർ. ഒടിടി ഉള്ളടക്കവും പൈറേറ്റഡ് സിനിമകളും അനധികൃതമായി പ്രചരിപ്പിക്കുന്നതിനെതിരെ അടിയന്തര നടപടി സ്വീകരിക്കാൻ ടെലിഗ്രാമിനോട് നിർദ്ദേശിച്ചു. സ്വീകരിച്ച

RNU TVPM

നടപടിയുടെ റിപ്പോർട്ട് 15 ദിവസത്തിനുള്ളിൽ സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

*****************

## മന്ത്രി എം ലിജു(ഇൻട്രോ)

സഹകരണ മേഖല ശക്തിപ്പെടുത്തി പുതുയുഗ കേരളം സാധ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി എം ലിജു. അന്തർദേശീയ സഹകരണ ദിനാഘോഷ പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വായ്പാ കുടിശ്ശികയുടെ പേരിൽ പൊതുജനങ്ങളോട് മോശമായി പെരുമാറരുതെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നിലവിലെ നിബന്ധനകളിൽ സർക്കാർ മാറ്റം വരുത്തുമെന്നും മന്ത്രി പറഞ്ഞു.
( വോയിസ്....)

*****************

## സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ

RNUTVPM

'എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025-ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കായുള്ള ടി.ബി ബോധവൽക്കരണ പരിപാടിയും തിങ്കളാഴ്ച കോട്ടയത്ത് നടക്കും. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും.

*****************

## എം.എൽ.എ മെറിറ്റ് അവാർഡ് - മുഖ്യമന്ത്രി

വിദ്യാർത്ഥികൾ മാതാപിതാക്കളുടെ മാത്രമല്ല, നാടിന്റെയാകെ സ്വപ്നവും പ്രതീക്ഷയുമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. എറണാകുളം ആലുവയിൽ സംഘടിപ്പിച്ച പ്രതിഭാ സംഗമവും എം.എൽ.എ മെറിറ്റ് അവാർഡ് വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നീന്തൽ പരിശീലകൻ സജി വളാശ്ശേരിയെ മുഖ്യമന്ത്രി ചടങ്ങിൽ ആദരിച്ചു.

*****************

## മുഖ്യമന്ത്രി - ആർ രാജഗോപാൽ

ടെലിഗ്രാഫ് മുൻ എഡിറ്റർ ആർ. രാജഗോപാലിന് പാസ്പോർട്ട് ലഭിച്ചു. മുഖ്യമന്ത്രിയുടെ ഓഫിസാണ് വിവരം സ്ഥിരീകരിച്ചത്. വോട്ടർ പട്ടികയിൽ പേരില്ലെന്ന കാരണത്താൽ പാസ്പോർട്ട് പുതുക്കി നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ട ഉടൻ പശ്ചിമ ബംഗാൾ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നതായി മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു.

*****************

## ചെറൂപ്പ ഹെൽത്ത് സെന്റര് -കെ മുരളീധരൻ

കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സേവനങ്ങൾ പുനഃസ്ഥാപിച്ച് കോഴിക്കോട് ചെറൂപ്പ ആരോഗ്യകേന്ദ്രത്തിനെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക സാമൂഹികാരോഗ്യ കേന്ദ്രമായി വികസിപ്പിക്കുമെന്ന് മന്ത്രി കെ മുരളീധരൻ. ആശുപത്രി സന്ദർശിച്ച മന്ത്രി വികസന പ്രവർത്തനങ്ങൾ വിലയിരുത്തി. മൂന്ന് വർഷത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

*****************

## പത്തനംതിട്ട-പീഡനം

പത്തനംതിട്ട കോന്നിയിൽ പതിമൂന്ന് വയസ്സുകാരിയെ സഹപാഠികൾ പീഡിപ്പിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ പോലീസ് മേധാവി, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവരിൽ നിന്ന് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. സ്കൂൾ കൗൺസിലിംഗിനിടെയാണ് സഹപാഠികൾ ചേർന്ന് പീഡിപ്പിച്ചതായി 13 കാരി വെളിപ്പെടുത്തിയത്. സംഭവത്തിൽ ഒരു പെൺകുട്ടി ഉൾപ്പടെ ആറുപേർക്കെതിരെ പൊലീസ് കേസെടുത്തു.

*****************

## ഫിഫ ഫുട്ബോൾ

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പ്രീ ക്വാർട്ടർ മത്സരങ്ങൾക്ക് തുടക്കമാകും. രാത്രി 10.30 നു നടക്കുന്ന ആദ്യ പ്രീ ക്വാർട്ടറിൽ കാനഡ - മൊറോക്കോയെ നേരിടും. ഇന്ത്യൻ സമയം നാളെ പുലർച്ചെ 2.30 ന് നടക്കുന്ന മത്സരത്തിൽ പരാഗ്വേ -

RNU TVPM

ഫ്രാൻസുമായി ഏറ്റുമുട്ടും. അർജന്റീനയും ഈജിപ്റ്റും കൊളംബിയയും പ്രീ ക്വാർട്ടറിൽ ഇടം നേടിയിട്ടുണ്ട്.

*****************

## ട്വൻറി-20

ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം ട്വൻറി-20 ക്രിക്കറ്റ് മത്സരം ഇന്ന് നടക്കും. രാത്രി ഏഴിന് മാഞ്ചസ്റ്ററിലാണ് മത്സരം.

*****************

## വി. സാംബശിവൻ(ഇൻട്രോ)

അരങ്ങൊഴിഞ്ഞിട്ട് 30 വർഷം പിന്നിടുമ്പോഴും അനശ്വര കലാകാരൻ വി. സാംബശിവൻറെ കൈപ്പടയിലെഴുതിയ കത്ത് നിധിപോലെ സൂക്ഷിക്കുകയാണ് കാഥികൻ നിരണം രാജൻ. വി സാംബശിവൻറെ 97-ാം ജന്മ വാർഷിക ദിനമാണ് ഇന്ന്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**(വോയ്സ്)**

*****************

## ഹജ്ജ്

അടുത്ത വർഷത്തേക്കുള്ള ഹജ്ജ് തീർഥാടകരുടെ പാസ്പോർട്ട് നടപടികൾ വേഗത്തിലാക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിച്ച് മന്ത്രി എൻ ഷംസുദ്ദീൻ. പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക കൗണ്ടറുകൾ തുറക്കാൻ നിർദേശം നൽകണമെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിക്ക് അയച്ച കത്തിൽ പറയുന്നു. ഹജ്ജ് 2027-നുള്ള ഓൺലൈൻ അപേക്ഷകൾ ജൂലൈ 20 വരെയാണ് സ്വീകരിക്കുക.

*****************

## മഴ

സംസ്ഥാനത്ത് വ്യാപക മഴ. ഇന്ന് എല്ലാ ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് തിരുവനന്തപുരം നെയ്യാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത

RNU TVPM

പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കേരളം , ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെയും കർണാടക തീരത്ത് ഇന്നും നാളെയും മൽസ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*****************

## അനധികൃത മത്സ്യബന്ധനം

ട്രോളിംഗ് നിരോധനം ലംഘിച്ച് കടലിലിറങ്ങുന്ന യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും അറിയിച്ചു. ഉത്തരവാദിത്തത്തോടെയുള്ള മത്സ്യബന്ധന രീതികൾ പിന്തുടരണമെന്നും, നിരോധന നിയമങ്ങൾ പൂർണ്ണമായി പാലിക്കണമെന്നും വകുപ്പ് നിർദേശിച്ചു.

*****************

## സെൻസസ് - കണ്ണൂർ കളക്റ്റർ

സെൻസസ് 2027 ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കണ്ണൂർ ജില്ലയിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പി വിഷ്ണുരാജ് നേരിട്ട് വിലയിരുത്തി. തളിപ്പറമ്പ് നഗരസഭയിലെ അള്ളംകുളം വാർഡിലെ വീട്ടിലെത്തിയ ജില്ലാ കളക്ടർ വിവരങ്ങൾ ചോദിച്ചറിഞ്ഞു.

*****************

## സുഗതൻ്റെ ജാമ്യാപേക്ഷ തള്ളി

വധശ്രമ കേസിൽ തിരുവനന്തപുരം നഗരസഭാ കൗൺസിലർ സുഗതൻ്റെ ജാമ്യാപേക്ഷ നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതി തള്ളി. അറസ്റ്റ് ചെയ്യാൻ വീട്ടിലെത്തിയ പൊലീസിനെ ആക്രമിച്ച കേസിലും ജാമ്യം നിഷേധിച്ചിട്ടുണ്ട്. വട്ടിയൂർക്കാവിന് സമീപം, ഉത്സവത്തിനിടെയുണ്ടായ സംഘർഷത്തിൽ ഒരാളെ കൊല്ലാൻ ശ്രമിച്ച കേസിലെ പ്രതിയാണ് വാഴോട്ടുകോണം കൗൺസിലർ ആയ സുഗതൻ.

*****************

## ക്യാൻസർ വാക്സിനേഷൻ ക്യാമ്പ്

ക്യാൻസർ രോഗത്തിന് കാരണമാകുന്ന ഹ്യൂമൻ പാപ്പിലോമ വൈറസിന് എതിരെ ഉള്ള വാക്സിനേഷൻ ക്യാമ്പ് നാളെ തിരുവനന്തപുരത്ത് നടക്കും. ജനറൽ ആശുപത്രിക്ക്

RNU TVPM

സമീപമുള്ള IMA ഹാളിൽ രാവിലെ 9 മുതൽ ഉച്ചക്ക് 2 മണി വരെയാണ് ക്യാമ്പ്. വിശദ വിവരങ്ങൾക്ക് 9020875111 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

*****************

## ഗതാഗതം നിരോധിച്ചു

തിരുവനന്തപുരം മുടവൻമുഗൾ പാലം നിർമാണത്തിന്റെ ഭാഗമായി തിങ്കളാഴ്ച മുതൽ ഒന്നര മാസത്തേയ്ക്ക് താത്ക്കാലിക ഗതാഗത നിരോധനം ഏർപ്പെടുത്തി. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഭാഗത്തുനിന്നും മുടവൻമുഗൾ പാലത്തിലൂടെ മുടവൻമുഗളിലേക്കും, പാപ്പനംകോട് നിന്നും തമലം സൗത്ത് റോഡ് വഴി മുടവൻമുഗളിലേക്കുമുള്ള ഗതാഗതമാണ് നിരോധിച്ചത്.

*****************

## സ്ത്രീ സംരംഭങ്ങൾ: മന്ത്രി ബിന്ദു കൃഷ്ണ

സംസ്ഥാനത്ത് സ്ത്രീകേന്ദ്രീകൃത സംരംഭങ്ങൾക്ക് സർക്കാർ കൂടുതൽ പിന്തുണ ഉറപ്പാക്കുമെന്ന് വനിതാ-ശിശു വികസന മന്ത്രി ബിന്ദു കൃഷ്ണ. തദ്ദേശസ്ഥാപന അധ്യക്ഷർക്കും സി ഡി എസ് ചെയർപേഴ്സൺമാർക്കുമായി കുടുംബശ്രീ ഒരുക്കിയ കൊല്ലം ജില്ലാതല ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗ്രാമീണമേഖലയിലെ സ്ത്രീകളുടെ നൈപുണ്യവികസനത്തിൽ മുഖ്യപങ്ക് വഹിച്ച കുടുംബശ്രീ കാലോചിതമായ പുതിയ പദ്ധതികളിലേക്ക് കടക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

*****************

****************

********

PNU TVPM